REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 14-11-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാജ്യമെങ്ങും ഇന്ന് ശിശുദിനം ആഘോഷിച്ചു. പ്രധാന മന്ത്രി നരേന്ദ്ര മോദി ജവഹർ ലാൽ നെഹ്റുവിന് ശ്രദ്ധാഞ്ജലി അർപ്പിച്ചു.**
- **ഏഴാം ധനകാര്യകമ്മീഷന് രണ്ട് ജോയ്ന്റ് ഡയറക്ടർമാരുടെ താൽക്കാലിക തസ്തിക സൃഷ്ടിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു.**
- **71-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചിയിൽ ഉദ്ഘാടനം ചെയ്യും.**
- **ശബരിമലയിൽ മണ്ഡല- മകരവിളക്ക് മഹോത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി.**
- **കൽപ്പാത്തി രഥോത്സവത്തിലെ രണ്ടാം തേരുത്സവം ഇന്ന്.**

## വാർത്തകൾ വിശദമായി

ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനമായ ഇന്ന് രാജ്യമെങ്ങും ശിശുദിനം ആഘോഷിച്ചു. രാജ്യത്തെ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കുട്ടികളുടെ റാലിയും പ്രത്യേക പരിപാടികളും സംഘടിപ്പിച്ചു.

തിരുവനന്തപുരത്ത് രാവിലെ കുട്ടികളുടെ റാലിയും പൊതുസമ്മേളനവുംനടത്തി. ജില്ലാ കേന്ദ്രങ്ങളിലും വിപുലമായ ആഘോഷപരിപാടികൾ നടന്നു.

✪✪✪

ജവഹർലാൽ നെഹ്റുവിന്റെ 135-ാം ജന്മദിനത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ശ്രദ്ധാഞ്ജലി അർപ്പിച്ചു. സാമൂഹിക മാധ്യമ പോസ്റ്റിലാണ് മുൻ പ്രധാനമന്ത്രിക്ക് മോദി ശ്രദ്ധാഞ്ജലി അർപ്പിച്ച വിവരം പങ്ക് വെച്ചത്.

✪✪✪

ഗോത്രവർഗ്ഗ നേതാവും സ്വാതന്ത്ര്യസമര നേതാവുമായ ബിർസാ മുണ്ടയുടെ ജന്മദിനമായ നാളെ ജൻ-ജാതീയ ഗൗരവ് ദിവസമായി ആഘോഷിക്കുന്നു. പ്രധാനമന്ത്രി, ആഘോഷം ഉദ്ഘാടനം ചെയ്ത് നൂറ് ജില്ലകളിലെ ജനങ്ങളുമായി സംവദിക്കും.

✪✪✪

43-ാമത് ഇന്ത്യൻ അന്താരാഷട്ര വ്യാപാര മേള ഇന്ന് ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ആരംഭിക്കും. 2047ൽ വികസിത് ഭാരതം എന്നതാണ് ഈ വർഷത്തെ മേളയുടെ പ്രമേയം.

ചൈന, ഈജിപ്ത്, ഇറാൻ, ദക്ഷിണ കൊറിയ, തായ്‌ലൻഡ്, തുർക്കി, യുഎഇ എന്നിവയുൾപ്പെടെ രാജ്യങ്ങൾ IITF മേളയിൽ പങ്കെടുക്കും. ഈ മാസം 27 വരെയാണ് മേള.

✪✪✪

എട്ടാമത് ഡിസ്ട്രിബ്യൂഷൻ യൂട്ടിലിറ്റി മീറ്റ് 2024 ഇന്ന് ലഖ്നൗവിൽ ആരംഭിക്കും. മുഖ്യമന്ത്രി യോഗി ആദിത്യനാഥ് ഉദ്ഘാടനം ചെയ്യുന്ന പരിപാടിയിൽ, കേന്ദ്ര മന്ത്രി മനോഹർ ലാൽ മുഖ്യാതിഥിയാകും. ഊർജ മന്ത്രാലയം, കേന്ദ്ര വൈദ്യുതി അതോറിറ്റി, സംസ്ഥാന ഗവണ്മെന്റിന്റെ ഊർജ വകുപ്പ് എന്നിവയുടെ സഹകരണത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്. ഊർജ-വൈദ്യുതി മേഖലയിലെ നൂതനാശയങ്ങൾ പരിപാടിയിൽ ചർച്ച ചെയ്യും.

✪✪✪

ജമ്മു കാശ്മീരിൽ, കുൽഗാം ജില്ലയിലെ സുദ്സോന ബെഹിബാഗ് പ്രദേശത്ത് സുരക്ഷാ സേന തിരച്ചിൽ പുനരാരംഭിച്ചു. ഇന്നലെ ഉച്ചയോടെ പ്രദേശത്ത് ഭീകരരും സുരക്ഷാസേനയും തമ്മിൽ വെടിവയ്പുണ്ടായതിന്റെ പശ്ചാത്തലത്തിൽ, പ്രദേശത്ത് കുടുങ്ങിക്കിടക്കുന്നതായി കരുതുന്ന ഭീകരർ രക്ഷപ്പെടുന്നത് തടയാൻ കൂടുതൽ സേനയെ വിന്യസിച്ചിട്ടുണ്ടെന്ന് പോലീസ്അറിയിച്ചു. ആളപായമൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല.

✪✪✪

ഏഴാം ധനകാര്യകമ്മീഷന് രണ്ട് ജോയ്ന്റ് ഡയറക്ടർമാരുടെ താൽക്കാലിക തസ്തിക സൃഷ്ടിച്ച് അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നടത്താൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

കേരള കള്ള് വ്യവസായ വികസന ബോർഡിൽ ടെക്നിക്കൽ ഓഫീസറേയും അന്യത്ര സേവന വ്യവസ്ഥയിൽ നിയമിക്കും. എറണാകുളം മാണിക്യമംഗലം സെന്റ് ക്ലെയർ ഓറൽ ഹയർസെക്കന്ററി സ്കൂൾ ഫോർ ദി ഡഫിന് ദിവസവേതനാടിസ്ഥാനത്തിൽ ഒരു കുക്ക് തസ്തികയും അനുവദിക്കും.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ പാനലിൽ രാജേഷ് രവീന്ദ്രന് സ്ഥാനം നൽകുന്ന തീരുമാനവും മന്ത്രിസഭാ യോഗം അംഗീകരിച്ചു.

കേരള സ്റ്റേറ്റ് വെയർഹൗസിങ്ങ് കോർപ്പറേഷൻ MD, S.അനിൽദാസിന്റെ നിയമന കാലയളവ് ഒരു വർഷത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്തു.

✪✪✪

71-ാമത് അഖിലേന്ത്യാ സഹകരണ വാരാഘോഷം ഉച്ച കഴിഞ്ഞ് മുഖ്യമന്ത്രി പിണറായി വിജയൻ കൊച്ചി കളമശേരിയിൽ ഉദ്ഘാടനം ചെയ്യും. മന്ത്രി VN വാസവൻ അധ്യക്ഷനാകുന്ന ചടങ്ങിൽ പ്രതിപക്ഷ നേതാവ് VD സതീശനാണ് മുഖ്യാതിഥി.

വാരാഘോഷത്തിന്റെ ഭാഗമായി സംരംഭകത്വ മേഖലയും സഹകരണ മേഖലയും ആയി ബന്ധപ്പെട്ട സെമിനാറുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

✪✪✪

ഇന്ന് ലോക പ്രമേഹ ദിനം. തടസ്സങ്ങൾ നീക്കാം, വിടവുകൾ നികത്താം - പ്രമേഹ രോഗികളുടെ ക്ഷേമത്തിനായി ഒരുമിക്കാം എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. സംസ്ഥാനത്തെ പ്രമേഹ നിയന്ത്രണ പദ്ധതികൾ ശാക്തീകരിക്കാൻ ഒരു വർഷം നീളുന്ന സംയോജിത തീവ്ര യജ്ഞ പരിപാടി നടപ്പാക്കുമെന്ന് മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു.

✪✪✪

അന്തരിച്ച മുൻ മന്ത്രിയും മുതിർന്ന കോൺഗ്രസ് നേതാവുമായ എം.ടി പത്മയുടെ ഭൗതിക ശരീരം കോഴിക്കോട് വെസ്റ്റ്ഹിൽ ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു.

ചൊവ്വാഴ്ച മുംബൈയിലായിരുന്നു അവരുടെ അന്ത്യം. ഇന്നലെ വൈകിട്ട് കരിപ്പൂരിലെത്തിച്ച മൃതദേഹം രാവിലെ ഗാന്ധി റോഡിലെ വീട്ടിൽ പൊതുദർശനത്തിന് വെച്ചു. KPCC പ്രസിഡന്റ് K. സുധാകരൻ, കാനത്തിൽ ജമീല MLA തുടങ്ങിയവർ വീട്ടിലെത്തി അന്തിമോപചാരമർപ്പിച്ചു.

✪✪✪

ശബരിമലയിൽ മണ്ഡല-മകരവിളക്ക് മഹോത്സവത്തിന് മുന്നൊരുക്കങ്ങൾ പൂർത്തിയായി. തീർഥാടകർക്ക് ഇൻഷുറൻസ് പരിരക്ഷയും വെർച്വൽ ക്യൂവിനൊപ്പം തത്സമയ ബുക്കിങ്ങും ഉൾപ്പെടെ വിപുലമായ സൗകര്യങ്ങൾ ഏർപ്പെടുത്തി. തീർത്ഥാടന കാലത്തിന് മുന്നോടിയായി നാളെ വൈകിട്ട് അഞ്ചിനു നട തുറക്കും. പുതിയ മേൽശാന്തിമാരുടെ സ്ഥാനാരോഹണവും നാളെയാണ്. 70,000 പേർക്ക് വെർച്വൽ ക്യൂ വഴിയും 10,000 പേർക്ക് തത്സമയ ബുക്കിങ്ങുമടക്കം 80,000 പേർക്ക് പ്രതിദിന ദർശന സൗകര്യമൊരുക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് വ്യക്തമാക്കി. ആധാർ രേഖകൾ നൽകിയാണ് തത്സമയ ബുക്കിങ് നടത്തേണ്ടത്. ഇതിനായി പമ്പ , എരുമേലി, വണ്ടിപ്പെരിയാർ സത്രം എന്നിവിടങ്ങളിൽ പ്രത്യേകം കൗണ്ടറുകൾ ഉണ്ടാകും. ഇക്കുറി 18 മണിക്കൂറാണ് ദർശന സമയം. പുലർച്ചെ മൂന്ന് മുതൽ ഉച്ചക്ക് ഒന്നുവരെയും ഉച്ചക്ക് മൂന്ന് മുതൽ രാത്രി 11 വരെയും ദർശനം നടത്താം. തിരക്ക് വർദ്ധിച്ചാൽ സമയം ഒരുമണിക്കൂർ കൂടി വർദ്ധിപ്പിക്കും.

തീർഥാടകർക്കും ജീവനക്കാർക്കുമായി അപകട മരണങ്ങൾക്ക് യുണൈറ്റഡ് ഇന്ത്യ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ച് ദേവസ്വം ബോർഡ് അഞ്ച് ലക്ഷം രൂപയുടെ അപകട ഇൻഷുറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലാ പരിധിയിലുണ്ടാകുന്ന അപകടങ്ങൾക്കാണ് ഇൻഷുറൻസ്.

✪✪✪

ശബരിമല ഭക്തർക്കായി കൊച്ചി വിമാനത്താവളത്തിൽ ഏർപ്പെടുത്തിയ ശബരിമല ഇടത്താവളം മന്ത്രി P രാജീവ് ഇന്ന് ഉദ്ഘാടനം ചെയ്യും. വിമാനത്താവളത്തിലെ ഡൊമസ്റ്റിക് ടെർമിനലിൽ പോലീസ് എയ്ഡ് പോസ്റ്റിന് സമീപമാണ് ഈ സംവിധാനം ഏർപ്പെടുത്തിയിരിക്കുന്നത്.

✪✪✪

മണ്ഡല മകരവിളക്ക് കാലത്തെ ശബരിമല യാത്രയുടെ തിരക്ക് പരിഗണിച്ച് യാത്രക്കാർക്ക് സുഗമവും സൗകര്യപ്രദവുമായ യാത്ര ഉറപ്പാക്കുന്നതിനായി ദക്ഷിണ റെയിൽവേ 26 പ്രത്യേക ട്രെയിനുകൾ അനുവദിച്ചു. ഈ പ്രത്യേക ട്രെയിനുകളിൽ ഫസ്റ്റ് എസി, സെക്കൻഡ് എസി, തേർഡ് എസി, സ്ലീപ്പർ, ജനറൽ സെക്കൻഡ് ക്ലാസ് കോച്ചുകൾ സജ്ജീകരിച്ചിട്ടുണ്ട്.

✪✪✪

പാലക്കാട് കൽപ്പാത്തി രഥോത്സവത്തിന്റെ രണ്ടാം തേരുത്സവം ഇന്ന് ആഘോഷിക്കുന്നു.

കൂടുതൽ  വിവരങ്ങളുമായി പാലക്കാട് പ്രതിനിധി ഫൈസൽ അലി മുത്ത് .......

....വോയ്സ്....

ഒന്നാം തേര് ദിനമായ ഇന്നലെ അഗ്രഹാരത്തിലെ പ്രധാന ക്ഷേത്രമായ വിശാലാക്ഷി സമേത വിശ്വനാഥ സ്വാമി ക്ഷേത്രത്തിലാണ്  രഥാരോഹണം നടന്നത്. തുടർന്ന് രഥപ്രയാണത്തിനും തുടക്കമായി. അനുബന്ധ ക്ഷേത്രങ്ങളിലെ രഥാരോഹണം രഥപ്രയാണവും  ഇന്നും നാളെയുമായാണ് നടക്കുക .ഇന്ന് രണ്ടാം തേരു ദിവസം രാവിലെ പുതിയ കൽപ്പാത്തി മന്ദക്കര മഹാ ഗണപതി ക്ഷേത്രത്തിലെ രഥാരോഹണം നടന്നു .

നാളെയാണ് ദേവരഥ സംഗമം തിരക്ക് കണക്കിലെടുത്ത് സുരക്ഷയൊരുക്കാൻ വൻ പോലീസ് സംഘത്തെയാണ്.

കൽപ്പാത്തിയിൽ വിന്യസിച്ചിരിക്കുന്നത്. രഥോത്സവം പ്രമാണിച്ച് നാളെ പാലക്കാട് താലൂക്കിലെ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവം നാളെ ആലപ്പുഴയിൽ ആരംഭിക്കും. ശാസ്ത്രോത്സവത്തോടൊപ്പം വൊക്കേഷണൽ എക്സ്പോയും വൈകിട്ട് ആലപ്പുഴ സെന്റ് ജോസഫ് ഹയർസെക്കൻഡറി സ്കൂളിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. തിങ്കളാഴ്ച വരെ നഗരത്തിലെ അഞ്ച് സ്കൂളുകളിലാണ് ശാസ്ത്രോത്സവം നടത്തുന്നത്.

5,000 ത്തോളം വിദ്യാർഥികൾ 180 ഓളം ഇനങ്ങളിലായി പങ്കെടുക്കും.

✪✪✪

ആത്മകഥാ വിവാദത്തിൽ CPIM നേതാവ് EP ജയരാജൻ കൊടുത്ത പരാതിയുടെ  അന്വേഷണം, ADGP മനോജ് എബ്രഹാമിന് കൈമാറി. DGP ഷെയ്ഖ് ദർവേഷ് സാഹിബ് ആണ് ADGPയ്ക്ക് അന്വേഷണ ചുമതല നൽകിയത്.

✪✪✪

ഇന്ത്യ - ദക്ഷിണാഫ്രിക്ക ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ അവസാനത്തെ മത്സരം നാളെ ജോഹന്നസ് ബർഗിലെ വാണ്ടറേഴ്സ് സ്റ്റേഡിയത്തിൽ നടക്കും.

സെഞ്ചൂറിയനിൽ ഇന്നലെ നടന്ന മത്സരത്തിൽ ഇന്ത്യ 11 റൺസിന് വിജയിച്ചു. ഇതോടെ നാല് മത്സരപരമ്പരയിൽ രണ്ടെണ്ണം ജയിച്ച് ഇന്ത്യ മുന്നിട്ടു നിൽക്കുകയാണ്.

✪✪✪

വനിതാ ഏഷ്യൻ ഹോക്കി ചാമ്പ്യൻസ് ട്രോഫിയുടെ മൂന്നാം മത്സരത്തിൽ, ഇന്ത്യ ഇന്ന് തായ്‌ലാൻഡിനെ നേരിടും. ബീഹാറിലെ രാജ്ഗിറിൽ വൈകിട്ട് 4:45 നാണ് മത്സരം. ഇന്നത്തെ മറ്റ് മത്സരങ്ങളിൽ ദക്ഷിണ കൊറിയ മലേഷ്യയുമായും, ജപ്പാൻ ഉച്ചക്ക് 2:30 ന് ചൈനയുമായും ഏറ്റുമുട്ടും.

✪✪✪

ജപ്പാൻ മാസ്റ്റേഴ്സ് ബാഡ്മിന്റൺ വനിതാ സിംഗിൾസ് പ്രീ ക്വാർട്ടർ ഫൈനലിൽ ഇന്ത്യയുടെ PV സിന്ധുവിന് തോൽവി. ജപ്പാൻ താരമാണ് സിന്ധുവിനെ തോൽപ്പിച്ചത്. ഇന്ത്യൻ താരം ലക്ഷ്യ സെന്നും നേരത്തെ മലേഷ്യൻ താരത്തോട് തോറ്റ് ടൂർണമെന്റിൽ നിന്ന് പുറത്തായിരുന്നു.

✪✪✪

കൊച്ചിയുടെ യാത്രാ ക്ലേശത്തിന് പരിഹാരമാകാൻ സഹായിക്കുന്ന മൂന്നാമത്തെ റോ- റോ യുടെ നിർമ്മാണ കരാർ കൊച്ചി കപ്പൽശാലയും, കൊച്ചി കോർപ്പറേഷനും ഒപ്പുവച്ചു. കൊച്ചി സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ സഹായത്തോടെ 15 കോടിയോളം രൂപ ചെലവിലാണ് റോ - റോ നിർമ്മിക്കുന്നത്. ആറുമാസം കൊണ്ട് നിർമ്മാണം പൂർത്തിയാക്കാനാണ് ശ്രമമെന്ന് എന്ന് കൊച്ചി മേയർ M അനിൽകുമാർ അറിയിച്ചു.

✪✪✪

11-ാമത് NN. പിള്ള സ്മാരക സംസ്ഥാന പ്രൊഫഷണൽ നാടക മത്സരം ഇന്ന് കാസർകോഡ് മാണിയാട്ട് ഓപ്പൺ ഓഡിറ്റോറിയത്തിൽ ആരംഭിക്കും, ഈ മാസം 22 വരെ നീളുന്ന നാടക മൽസരം നടൻ ജോജു ജോർജ് ഉദ്ഘാടനം ചെയ്യും.

✪✪✪

കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റായി LDF ലെ KK രതകുമാരിയെ തെരഞ്ഞെടുത്തു.കണ്ണൂർ ADM നവീൻ ബാബു വിന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട കേസിൽ P Pദിവ്യ രാജിവെച്ച ഒഴിവിലായിരുന്നു തെരഞ്ഞെടുപ്പ്.

✪✪✪

സ്വർണ്ണവില കുറഞ്ഞു. പവന് 880 രൂപ കുറഞ്ഞ് 55,480 രൂപയായി - ഗ്രാമിന് 6,935 രൂപയിലാണ് ഇന്ന് വ്യാപാരം നടക്കുന്നത്.

✪✪✪

സംസ്ഥാനത്ത് ശനിയാഴ്ചവരെ മഴയ്ക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാവകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത പരിഗണിച്ച് ഇന്ന് വയനാട്, കോഴിക്കോട്, പാലക്കാട്, ഇടുക്കി, എറണാകുളം, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി.

✪✪✪